ഇ.എസ്7/692/2019/ആ.വ.ഡ                ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം

തീയതി: 12/12/2021

## നോട്ടീസ്

വിഷയം:- ആ.വ. – 31.12.2018 വരെ പി. ജി. യോഗ്യത നേടിയ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ ഓർത്തോപീഡിക്സ് വിഭാഗത്തിൽ പ്രൊബേഷൻ പൂർത്തീകരിച്ചവരുടെ പട്ടികയിൽ ഡോ. ബന്ധു. റ്റി – യെ താൽക്കാലികമായി ഉൾപ്പെടുത്തി നോട്ടീസ് പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്-

സൂചന :- 1. ജി.ഒ (പി) നം. 69/2010/H & FWD, തീയതി. 17.02.2010

2. ഇതേ നമ്പർ ഉത്തരവ് തീയതി. 04.05.2019

3. ഡോ. ബന്ധു. റ്റി സമർപ്പിച്ച അപേക്ഷ, തീയതി. 30.10.2021

31.12.2018 വരെ പി. ജി. യോഗ്യത നേടിയ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ ഓർത്തോപീഡിക്സ് വിഭാഗത്തിൽ പ്രൊബേഷൻ പൂർത്തികരിച്ചിട്ടില്ലാത്തവരുടെ ലിസ്റ്റിൽ സീനിയോറിറ്റി നം. "16" ആയി ഉൾപ്പെട്ടിരുന്ന ഡോ. ബന്ധു. റ്റി - തന്റെ അസിസ്റ്റന്റ് സർജൻ കേഡറിലെ പ്രൊബേഷൻ പൂർത്തികരിച്ചതായി ഉത്തരവിന്റെ പകർപ്പ് സഹിതം സൂചന 3 പ്രകാരം അറിയിച്ചിരിക്കുന്നു. ടിയാന്റെ അപേക്ഷ വിശദമായി പരിശോധിച്ചതിൽ നിന്നും ഡോ. ബന്ധു. റ്റി. യെ പ്രൊബേഷൻ പൂർത്തീകരിച്ചവരുടെ പട്ടികയിൽ താഴെ പറയും പ്രകാരം താൽക്കാലികമായി ഉൾപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നു.

വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | ജനന തീയതി | സർവ്വീസിൽ പ്രവേശിച്ച തീയതി | പി. ജി നേടിയ തീയതി | സീനിയോറിറ്റി നം. പഴയത് | സീനിയോറിറ്റി നം. പുതിയത് |
|---|---|---|---|---|---|---|
| 1 | ഡോ. ബന്ധു. റ്റി | 04.05.1985 | 25.06.2018 | 31.10.2018 | ലിസ്റ്റ് –II 16 | ലിസ്റ്റ് –I 1 |

മേൽ സൂചിപ്പിച്ച പ്രകാരം ഡോ. ബന്ധു. റ്റി. ക്ക് സീനിയോറിറ്റി നിശ്ചയിച്ച് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപങ്ങളോ പരാതികളോ ഉണ്ടെങ്കിൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 10 ദിവസത്തിനുള്ളിൽ രേഖാമൂലം ഉചിതമാർഗ്ഗേനയോ, ഇ-മെയിൽ (essectiondhs@gmail.com) മുഖാന്തിരമോ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത നോട്ടീസിനെതിരെ ആർക്കും ആക്ഷേപമില്ല എന്ന നിഗമനത്തിൽ തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

ഒപ്പ്/-

ഡോ. രാജു. വി. ആർ

ആരോഗ്യവകുപ്പ് ഡയറക്ടർ (i/c)

സ്വീകർത്താവ്

വ്യക്തികൾക്ക് (ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)

പകർപ്പ്

1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർക്ക്(ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)
2. ബന്ധപ്പെട്ട സ്ഥാപന മേധാവിക്ക്(ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)
3. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്